## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4844    01/07/2013ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്

| ചോദ്യം: | ഉത്തരം: |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാന സർക്കാർ സർവ്വീസുകളിൽ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവ്വീസിലും ബാധകമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; | (എ) സംസ്ഥാന സർവ്വീസിലെ സെലക്ഷൻ പോസ്റ്റുകളിലേക്ക് പ്രൊമോഷൻ ലഭിക്കുവാൻ അർഹതയുള്ള എല്ലാ ജീവനക്കാർക്കും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ബാധകമാണ്. |
| (ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി വ്യക്തി വൈരാഗ്യം തീർക്കുന്നതിനും നിക്ഷിപ്ത താത്പര്യം സംരക്ഷിക്കുന്നതിനുമായി കീഴ്ജീവനക്കാരുടെ സി.ആർ-ൽ 'ഡി' അടയാളപ്പെടുത്തുന്നത് സർക്കാർ സർവ്വീസിൽ ദൂരവ്യാപകമായ കീഴ്വഴക്കങ്ങൾ ഉണ്ടാകുമെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ബി) ചട്ട വിരുദ്ധമായി സി.ആർ-ൽ 'ഡി' ഗ്രേഡ് രേഖപ്പെടുത്തുകയാണെങ്കിൽ പ്രസ്തുത ഗ്രേഡ് അപ്ഗ്രേഡ് ചെയ്തു ലഭിക്കുന്നതിന് റിവ്യൂവിങ് ഓഫീസർക്ക് മേലുള്ള മേലധികാരികൾക്ക് നിവേദനം നൽകുന്നതിന് ജീവനക്കാർക്ക് അവസരമുണ്ട്. |
| (സി) സർവ്വീസ് സംഘടനകൾ ഇതിനെതിരെ ബന്ധപ്പെട്ട ഉന്നതാധികാരികൾക്ക് പരാതികൾ തന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനത്തിലെ ഉന്നതാധികാരികൾക്കാണ് പരാതി ലഭിച്ചിട്ടുള്ളത് ; | (സി)യും (ഡി)യും (ഇ)യും<br><br>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ഇതു സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) ഇതു സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുടെ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (ഇ) സർക്കാർ സർവ്വീസിലെ സമാധാനാന്തരീക്ഷവും സുതാര്യതയും, കാര്യക്ഷമതയും നിലനിർത്തുന്നതിന് ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**